**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3168** **01-03-2023 - ൽ മറുപടിയ്ക്ക്**

**ചുങ്ങാംപാറ എക്കോ ടൂറിസം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഐ ബി സതീഷ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ചുങ്ങാംപാറ എക്കോ ടൂറിസം പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ; ആയതിന്റെ പ്രൊപ്പോസൽ ഭരണാനുമതിക്കായി സമർപ്പിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (എ) | ചുങ്ങാംപാറ ഇക്കോടൂറിസം പദ്ധതിക്കായി കാട്ടാക്കട താലൂക്കിൽ കളത്തുമ്മൽ വില്ലേജിൽ ബ്ലോക്ക് നമ്പർ എട്ട്, റീസർവേ നമ്പർ 524/1ൽപെട്ട 44.03 ആർ പാറപുറമ്പോക്ക് ഭൂമിയുടെ ഉപയോഗാനുമതി, 18.12.2022ലെ സ. ഉ. (കൈ) 304/2022/ആർ ഡി നമ്പർ സർക്കാർ ഉത്തരവ് പ്രകാരം വിനോദ സഞ്ചാര വകുപ്പിനു ലഭിച്ചിട്ടുണ്ട്.<br><br>പദ്ധതിക്കായി വിശദ പദ്ധതി രേഖ (DPR) തയാറാക്കിയത് 2016ലെ ഡി. എസ്. ആർ പ്രകാരമായിരുന്നു; 2018ലെ ഡി. എസ്. ആർ. പ്രകാരം പുതുക്കിയ DPR തയാറാക്കാനുള്ള നടപടികൾ നിലവിൽ പുരോഗമിക്കുകയാണ്. പുതുക്കിയ DPR ലഭിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കും. |

സെക്ഷൻ ഓഫീസർ